II ഇ.ബി.XIV-കേരള നിയമസഭ/IV-11

## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മാർച്ച് 14, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

30(*301) സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുവാൻ സംവിധാനങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അഴിമതി വിരുദ്ധവും ജനസൗഹൃദവുമായ സിവിൽ സർവ്വീസാണ് സർക്കാർ വിഭാവന ചെയ്യുന്നതെന്ന് സഭയെ അറിയിച്ചു. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുക, സംസ്ഥാന സേവനാവകാശ നിയമവും പൗരാവകാശ രേഖയും ശക്തിപ്പെടുത്തുക, പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേയ്ക്ക് ആകർഷിച്ച്

കാര്യക്ഷമത മെച്ചപ്പെടുത്തിയും വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കിയും സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുക, ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകുംവിധം പുതിയ പരിശീലന നയം രൂപവത്കരിച്ച് നടപ്പാക്കാനുള്ള പ്രവർത്തനം ആരംഭിക്കുക, ഇ-ഗവേണൻസ്, ഇ-ടെണ്ടർ, പഞ്ചിംഗ് സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുക, ഭരണഭാഷ മലയാളമാക്കാനുള്ള നടപടി സ്വീകരിക്കുക, ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യം വച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിക്കുക, നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് കാലോചിത മാറ്റം വരുത്തുവാൻ ആവശ്യമായ ശിപാർശ സമർപ്പിക്കാൻ നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗും വ്യവസ്ഥാപിത ഇൻ സർവ്വീസ് കോഴ്സുകളും ഏർപ്പെടുത്തുന്നതിനും സർക്കാരിന്റെ കീഴിലുള്ള വിവിധ പരിശീലന സ്ഥാപനങ്ങളുടെ ഏകോപനത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ഡയറക്ടർ ജനറലിനെ 'ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്' ആയി നിർദ്ദേശിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വാർഷിക പ്ലാൻ ബഡ്ജറ്റിന്റെ ഒരു ശതമാനമെങ്കിലും ജീവനക്കാരുടെ പരിശീലനത്തിനായി വകുപ്പുകൾ വിനിയോഗിക്കണമെന്ന

നിർദ്ദേശം നൽകുകയും 2016-17-ൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി 12 കോടി രൂപ കരുതൽ തുകയായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വകുപ്പുകൾ തമ്മിലുള്ള ഭൂമികൈമാറ്റം സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിച്ച് കളക്ടർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണെന്നും സമയബന്ധിതമായി ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് വ്യവസ്ഥകൾ ഏർപ്പെടുത്തുമെന്നും ബന്ധപ്പെട്ട സെക്രട്ടറി തലത്തിൽ ആവശ്യമായ ഇടപെടൽ നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. സർക്കാർ ഓഫീസുകളിൽ ഇ-ഫയലിംഗ് ഫലപ്രദമായി നടപ്പിലാക്കുമെന്നും സേവനാവകാശ നിയമത്തെക്കുറിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്തുമെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ പദ്ധതി നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കാര്യക്ഷമമായി പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്നും ഭരണപരിഷ്കാര കമ്മീഷൻ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

31(*302) <u>പരിസ്ഥിതി സംബന്ധിച്ച ധവളപത്രം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പരിസ്ഥിതി

സംബന്ധിച്ച കരട് ധവളപത്രം തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് കാലതാമസം കൂടാതെ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. സംസ്ഥാന വികസനം പരിസ്ഥിതിക്ക് കോട്ടം തട്ടാതെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയിൽ കീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവകൃഷിയും ഉത്തമ കൃഷിരീതികളും പ്രോൽസാഹിപ്പിക്കുക, കുളങ്ങൾ നവീകരിക്കുക, മാലിന്യ സംസ്കരണത്തിലൂന്നിയ പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കുക, ശുചിത്വം, മാലിന്യസംസ്കരണം, കൃഷിവികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിതകേരളം പദ്ധതിക്ക് തുടക്കം കുറിക്കുക, ഇ-മാലിന്യങ്ങൾ/പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുക, പി.ഡബ്ല്യൂ.ഡി/പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുക, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണവും നടപ്പിലാക്കുക, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുക, കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും അപകടങ്ങളുടെ അളവ് കുറയ്ക്കുന്നതിനും "സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്" പുതുക്കുക, വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട കായലുകളുടെ പുനരുദ്ധാരണവും

സംരക്ഷണവും ഉൾക്കൊള്ളുന്ന മാനേജ്മെന്റ് പ്ലാനിന് രൂപം നൽകുക, വായു/ ജല മലിനീകരണം തടയാനുള്ള നടപടികൾ ശക്തിപ്പെടുത്തുക, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ (ബി.എം.സി) ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിച്ചു കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പാഠ്യപദ്ധതി തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആവശ്യമായ ചർച്ചകൾ നടത്തി പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള ഭവന നിർമ്മാണത്തിന് പ്രാധാന്യം നൽകുന്നതാണ്. നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇ-വേസ്റ്റുകൾ സംഭരിച്ച് കേന്ദ്രീകൃത രീതിയിൽ നിർമ്മാർജ്ജനം ചെയ്യുമെന്നും സെപ്റ്റിക് ടാങ്കിലെ മാലിന്യം ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും കണ്ടൽ വനം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും കേരളത്തിലെ പരിസ്ഥിതിലോല/അതിലോല പ്രദേശങ്ങൾ തരംതിരിച്ച് സംരക്ഷിക്കുന്ന നടപടികളിൽ വ്യക്തത ഉറപ്പുവരുത്തുമെന്നും പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ

നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

32(*303) സേവനാവകാശ നിയമം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, 2012 നവംബർ 1-ാം തീയതി സംസ്ഥാനത്ത് നിലവിൽവന്ന സേവനാവകാശ നിയമപ്രകാരം ഓരോ വകുപ്പും വകുപ്പുമേധാവിയും, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്ന സേവനങ്ങൾ, ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിജ്ഞാപനം ചെയ്യുകയും സേവനാവകാശ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നതായി സഭയെ അറിയിച്ചു. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും അഴിമതി കുറയ്ക്കുന്നതിനുംവേണ്ടിയാണ് സേവനാവകാശ നിയമം നടപ്പിലാക്കിയതെന്നും പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാം പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ടെന്നും 121 വകുപ്പുകളിൽ പ്രസ്തുത നിയമം നടപ്പാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം, പൗരാവകാശരേഖ, പൗരന്മാരുമായുള്ള ആശയവിനിമയത്തിനുള്ള അവസരം എന്നിവ ശക്തിപ്പെടുത്തുന്നതാണ്. നിയമം ഫലപ്രദമായും ജനസൗഹൃദപരമായും

നടപ്പിലാക്കുന്നതിനായി IMG യുടെ നേതൃത്വത്തിൽ വകുപ്പ് അദ്ധ്യക്ഷന്മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടേയും സംസ്ഥാനതല ശിൽപ്പശാല 15.12.2016-ൽ സംഘടിപ്പിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണെന്നും സേവനം കൃത്യസമയത്ത് നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുന്നപക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കുന്നതിനും അച്ചടക്ക നടപടിക്ക് വിധേയമാക്കുന്നതിനും സേവനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആയത് പരിശോധിച്ച് ആവശ്യമായ ഘട്ടത്തിൽ ഉചിതമായ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുമെന്നും ഇതുസംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും കാലഹരണപ്പെട്ട ചട്ടങ്ങളും കോഡുകളും പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

33 (*304) <u>സിവിൽ സപ്ലൈസ് മുഖേന വിൽക്കുന്ന സാധനങ്ങളുടെ വിലസ്ഥിരത</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) നൽകിയ മറുപടിയിൽ, അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ

സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് എന്നിവ കാരണം കേരളത്തിൽ അരി ഉൾപ്പെടെയുള്ള ചില നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും ഈ സർക്കാർ അധികാരമേറ്റശേഷം വിലസ്ഥിരത ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച 13 ഇന നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി വിലയും പയറുവർഗ്ഗങ്ങളുടെ വിലയും വർദ്ധിപ്പിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ 5 കിലോഗ്രാം അരി നൽകുന്നതിനുപുറമെ എഫ്.സി.ഐ. യിൽ നിന്ന് ലഭ്യമായ 5 കിലോഗ്രാം പുഴക്കലരിയും വിതരണം ചെയ്യുന്നുണ്ടെന്നും സപ്ലൈകോവഴി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വലിയതുറയിലെ പഴയ ഗോഡൗണിന്റെ അറ്റകുറ്റപ്പണികൾ തീർക്കാനും പുതിയ ഗോഡൗൺ നിർമ്മിക്കാനുമുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3383 മുതൽ 3764 വരെയുള്ള ചോദ്യങ്ങളിൽ 23 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)